**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1751** **02-02-2024 - ൽ മറുപടിയ്ക്ക്**

**സർക്കാർ കോളേജുകളിലെ എക്സസ് അദ്ധ്യാപക തസ്തികകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ടി. ജെ. വിനോദ്** | | **ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി)** | |
| (എ) | സർക്കാർ കോളേജുകളിൽ നിലവിലുള്ള അധിക അദ്ധ്യാപക തസ്തികകൾ പുനർവിന്യസിക്കുന്നിതിന് എടുത്ത നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ; | (എ) | യു.ജി.സി സ്കീമിന് യോജിച്ച രീതിയിൽ അദ്ധ്യാപക തസ്തിക സൃഷ്ടിക്കുന്നതിനുള്ള വർക്ക് ലോഡ് കണക്കാക്കുന്നതിൽ പി.ജി കോഴ്സകൾക്ക് അധിക വെയിറ്റേജ് നൽകി വന്നിരുന്ന രീതി 01.06.2020 മുതൽ പ്രാബല്യത്തിൽ സർക്കാർ നിർത്തലാക്കിയിരുന്നു. അതുവരെ 9 മണിക്കൂർ ജോലിഭാരം മതിയായിരുന്ന സിംഗിൾ ഫാക്കൽറ്റി/ സെക്കന്റ് ലാങ്ഗ്വേജ് വിഷയങ്ങളിലും 16 മണിക്കൂർ വർക്ക് ലോഡ് നിർബന്ധമാക്കിയിരുന്നു. തുടർന്ന് സർക്കാർ കോളേജുകളിൽ വിവിധ വിഷയങ്ങളിൽ നിലനിന്നിരുന്ന വർക്ക് ലോഡ് പുനഃക്രമീകരിച്ചതിന്റെ ഭാഗമായും, എം. ഫിൽ കോഴ്സകൾ നിർത്തലാക്കിയതിന്റെ ഭാഗമായും 350 ൽ പരം അധിക അദ്ധ്യാപക തസ്തികകൾ നിലനിൽക്കുന്നതായി കണ്ടെത്തുകയുണ്ടായി. പ്രസ്തുത തസ്തികകൾ ക്രമീകരിക്കുന്നതിനായുള്ള പ്രൊപ്പോസൽ കോളേജ് വിദ്യാഭ്യാസ ഡയറക്ടർ സമർപ്പിച്ചിട്ടുണ്ട്. ആയത് സർക്കാർ പരിശോധിച്ചു വരുന്നു. |
| (ബി) | വിവിധ വിഷയങ്ങളിലെ പി.എസ്.സി.യുടെ അസിസ്റ്റന്റ് പ്രൊഫസർ റാങ്ക് പട്ടികയിൽ ഉൾപ്പെട്ട ഉദ്യോഗാർത്ഥികൾക്ക് വിവരാവകാശ നിയമപ്രകാരം ലഭിച്ച മറുപടിയിൽ അധിക തസ്തികകൾ നിലനിൽക്കുന്നതു മൂലം 2020 നുശേഷം ഒഴിവുവന്ന തസ്തികൾ പി.എസ്.സി. യ്ക്ക് റിപ്പോർട്ട് ചെയ്യണമെങ്കിൽ സർക്കാരിന്റെ നയപരമായ തീരുമാനം ആവശ്യമാണ് എന്നറിയിച്ചിരുന്നതിനാൽ പ്രസ്തുത നയപരമായ തീരുമാനം എടുക്കുവാനായി സർക്കാർ എന്തൊക്കെ നടപടികളാണ് കൈക്കൊണ്ടിട്ടുള്ളതെന്ന് അറിയിക്കാമോ; | (ബി) | യു.ജി.സി സ്കീമിന് യോജിച്ച രീതിയിൽ അദ്ധ്യാപക തസ്തിക സൃഷ്ടിക്കുന്നതിനുള്ള വർക്ക് ലോഡ് കണക്കാക്കുന്നതിൽ പി.ജി കോഴ്സകൾക്ക് അധിക വെയിറ്റേജ് നൽകിവന്നിരുന്ന രീതി 01.06.2020 മുതൽ പ്രാബല്യത്തിൽ സർക്കാർ നിർത്തലാക്കിയിരുന്നു. അതുവരെ 9 മണിക്കൂർ ജോലിഭാരം മതിയായിരുന്ന സിംഗിൾ ഫാക്കൽറ്റി/ സെക്കന്റ് ലാങ്ഗ്വേജ് വിഷയങ്ങളിലും 16 മണിക്കൂർ വർക്ക് ലോഡ് നിർബന്ധമാക്കിയിരുന്നു. തുടർന്ന് സർക്കാർ കോളേജുകളിൽ വിവിധ വിഷയങ്ങളിൽ നിലനിന്നിരുന്ന വർക്ക് ലോഡ് പുനഃക്രമീകരിച്ചതിന്റെ ഭാഗമായും, എം. ഫിൽ കോഴ്സകൾ നിർത്തലാക്കിയതിന്റെ ഭാഗമായും 350 ൽ പരം അധിക അദ്ധ്യാപക തസ്തികകൾ |

| | | | |
|---|---|---|---|
| | | | നിലനിൽക്കുന്നതായി കണ്ടെത്തുകയുണ്ടായി. പ്രസ്തുത തസ്തികകൾ ക്രമീകരിക്കുന്നതിനായുള്ള പ്രൊപ്പോസൽ കോളേജ് വിദ്യാഭ്യാസ ഡയറക്ടർ സമർപ്പിച്ചിട്ടുണ്ട്. ആയത് സർക്കാർ പരിശോധിച്ചു വരുന്നു. |
| (സി) | പ്രസ്തുത ലിസ്റ്റിൽ ആദ്യ റാങ്കുകാർക്ക് പോലും ജോലി ലഭിക്കാത്ത അവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഈ പ്രശ്നം പരിഹരിക്കാൻ എന്തെങ്കിലും നടപടികൾ കൈക്കൊള്ളാൻ ശ്രമിക്കുമോ; | (സി) | യു.ജി.സി സ്കീമിന് യോജിച്ച രീതിയിൽ അദ്ധ്യാപക തസ്തിക സൃഷ്ടിക്കുന്നതിനുള്ള വർക്ക് ലോഡ് കണക്കാക്കുന്നതിൽ പി.ജി കോഴ്സുകൾക്ക് അധിക വെയിറ്റേജ് നൽകി വന്നിരുന്ന രീതി 01.06.2020 മുതൽ പ്രാബല്യത്തിൽ സർക്കാർ നിർത്തലാക്കിയിരുന്നു. അതുവരെ 9 മണിക്കൂർ ജോലിഭാരം മതിയായിരുന്ന സിംഗിൾ ഫാക്കൽറ്റി/ സെക്കന്റ് ലാങ്ഗ്വേജ് വിഷയങ്ങളിലും 16 മണിക്കൂർ വർക്ക് ലോഡ് നിർബന്ധമാക്കിയിരുന്നു. തുടർന്ന് സർക്കാർ കോളേജുകളിൽ വിവിധ വിഷയങ്ങളിൽ നിലനിന്നിരുന്ന വർക്ക് ലോഡ് പുനഃക്രമീകരിച്ചതിന്റെ ഭാഗമായും, എം. ഫിൽ കോഴ്സുകൾ നിർത്തലാക്കിയതിന്റെ ഭാഗമായും 350 ൽ പരം അധിക അദ്ധ്യാപക തസ്തികകൾ നിലനിൽക്കുന്നതായി കണ്ടെത്തുകയുണ്ടായി. പ്രസ്തുത തസ്തികകൾ ക്രമീകരിക്കുന്നതിനായുള്ള പ്രൊപ്പോസൽ കോളേജ് വിദ്യാഭ്യാസ ഡയറക്ടർ സമർപ്പിച്ചിട്ടുണ്ട്. ആയത് സർക്കാർ പരിശോധിച്ചു വരുന്നു. |
| (ഡി) | അടുത്ത അക്കാദമിക് വർഷം മുതൽ ആരംഭിക്കുന്ന നാലുവർഷ ഡിഗ്രി കോഴ്സിന്റെ ഗുണനിലവാരം ഉറപ്പാക്കുവാൻ വേണ്ടി വരുന്ന അധിക അദ്ധ്യാപകരുടെ നിയമനം സംബന്ധിച്ച് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്നും നാലുവർഷ ഡിഗ്രി കോഴ്സുകൾ നടപ്പിലാക്കുവാൻ ആകെ വേണ്ടി വരുന്ന അദ്ധ്യാപകരുടെ എണ്ണം വിദ്യാഭാസ വകുപ്പ് കണ്ടെത്തിയിട്ടുണ്ടോയെന്നും വ്യക്തമാക്കാമോ; | (ഡി) | നാലുവർഷ ഡിഗ്രി പ്രോഗ്രാമിൽ മൂന്നുവർഷത്തെ പഠനം പൂർത്തിയാക്കി ബിരുദം സമ്പാദിക്കുന്നതിന് നിലവിലെ അദ്ധ്യാപകരുടെ എണ്ണം പര്യാപ്തമാണ്. അധിക അദ്ധ്യാപക തസ്തികകൾ സൃഷ്ടിക്കാതെ തന്നെ നാലുവർഷ ഡിഗ്രി പ്രോഗ്രാം ആരംഭിക്കാവുന്നതാണ്. |
| (ഇ) | നാല് വർഷ ഡിഗ്രി കോഴ്സുകൾ തുടങ്ങുന്നതിന്റെ പശ്ചാത്തലത്തിൽ അധിക തസ്തികകൾ ഇല്ലാതാവുന്ന സാഹചര്യം സൃഷ്ടിക്കപ്പെടുമെന്നതിനാൽ പി.എസ്.സി.യിലേക്ക് ഒഴിവുകൾ റിപ്പോർട്ട് ചെയ്യാൻ പരിശ്രമിക്കുമോയെന്നും നാല് വർഷ ഡിഗ്രി കോഴ്സ് വരുന്നതോടെ ഇപ്പോഴുള്ള അധിക അദ്ധ്യാപക തസ്തികകളെ പുനർവിന്യസിക്കാനുള്ള നടപടികൾ കൈക്കൊള്ളുമോയെന്നും വ്യക്തമാക്കാമോ; | (ഇ) | നാലുവർഷ ഡിഗ്രി പ്രോഗ്രാമിൽ മൂന്നുവർഷത്തെ പഠനം പൂർത്തിയാക്കി ബിരുദം സമ്പാദിക്കുന്നതിന് നിലവിലെ അദ്ധ്യാപകരുടെ എണ്ണം പര്യാപ്തമാണ്. അധിക അദ്ധ്യാപക തസ്തികകൾ സൃഷ്ടിക്കാതെ തന്നെ നാലുവർഷ ഡിഗ്രി പ്രോഗ്രാം ആരംഭിക്കാവുന്നതാണ്. |
| (എഫ്) | നാലുവർഷ ഡിഗ്രി കോഴ്സ് നിലവിൽ വരുമ്പോൾ ഇല്ലാതാവുന്ന വിവിധ വിഷയങ്ങളിലെ എക്സസ് | (എഫ്) | നാലുവർഷ ഡിഗ്രി പ്രോഗ്രാം ആരംഭിക്കുമ്പോൾ അദ്ധ്യാപക തസ്തികകൾ ഒന്നും ഇല്ലാതാകുന്നില്ല. |

| | | | |
|---|---|---|---|
| | അദ്ധ്യാപകരുടെ എണ്ണം ലഭ്യമായിട്ടുണ്ടോ; അധിക അദ്ധ്യാപകരുടെ കാരണം പറഞ്ഞ് റിട്ടയർമെന്റ് അടക്കമുള്ള ഒഴിവുകൾ റിപ്പോർട്ട് ചെയ്യരുതെന്ന് എന്തെങ്കിലും നിർദ്ദേശം നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ പ്രസ്തുത ഒഴിവുകൾ കാലതാമസം കൂടാതെ റിപ്പോർട്ട് ചെയ്യാൻ നടപടി സ്വീകരിക്കുമോ;വ്യക്തമാക്കുമോ; | | നിലവിലുള്ള അദ്ധ്യാപകരുടെ മുഴുവൻ ജോലി ഭാരവും സംരക്ഷിച്ച് കൊണ്ടുള്ള നാലു വർഷ കരിക്കുലം ആണ് ചിട്ടപ്പെടുത്തിയിരിക്കുന്നത്. |
| (ജി) | പൊതുഭരണ വകുപ്പിന്റ് 21.10.2021- ലെ 155/2021 നമ്പർ ഉത്തരവ് പ്രകാരം എല്ലാ വകുപ്പുകളിലും ഓൺലൈൻ സംവിധാനത്തിലൂടെ മാത്രം സ്ഥലംമാറ്റം നടത്തണമെന്ന് എല്ലാ വകുപ്പുകൾക്കും ഉത്തരവ് നൽകിയിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ? | (ജി) | പൊതുഭരണ വകുപ്പിന്റെ 21.10.2021- ലെ സ.ഉ.(സാധാ) നം. 155/2021/ഉഭപവ നമ്പർ ഉത്തരവ്എല്ലാ വകുപ്പ് മേധാവികൾക്കും നൽകിയിട്ടുണ്ട് |

സെക്ഷൻ ഓഫീസർ